## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 653 24.01.2018-ൽ മറുപടിക്ക്**

തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കുന്ന നടപടി

| | ചോദ്യം<br>**ശ്രീ. അനിൽ അക്കര:** | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; ഇത് പൂർത്തീകരിക്കുവാൻ എത്ര സമയം ആവശ്യമായി വരും; പ്രസ്തുത പദ്ധതി നിർബന്ധിതമായി നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ? | (എ) | സംസ്ഥാനത്ത് MLA LAD സ്കീം വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും കെ. എസ്. ഇ.ബി.എൽ മുഖാന്തിരം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ പൊതു നിരത്തുകളിലെ ബൾബുകൾ എൽ. ഇ. ഡി യിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുഴുവനായും വല്ലച്ചിറ ഗ്രാമ പഞ്ചായത്തിൽ ഒന്നാം ഘട്ട പദ്ധതിയും, ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമ പഞ്ചായത്ത് രണ്ടാം ഘട്ടം, തിരുവനന്തപുരം കോർപ്പറേഷൻ, വടക്കാഞ്ചേരി നിയോജക മണ്ഡലം, നെന്മാണിക്കര ഗ്രാമ പഞ്ചായത്ത്, മട്ടന്നൂർ ഗ്രാമ പഞ്ചായത്ത് തുടങ്ങിയവിടങ്ങളിൽ എൽ.ഇ.ഡി തെരുവ് വിളക്ക് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കൂടാതെ സംസ്ഥാനത്തെ മുഴുവൻ തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റുന്നതിന് 4 വർഷംകൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ഏകദേശം 538 കോടിയോളം മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച പദ്ധതി പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ തുക കെ. എസ്.ഇ.ബി / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സംസ്ഥാന സർക്കാർ എന്നിവർ സംയുക്തമായിട്ടാണോ കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | MLA LAD സ്കീം മുഖാന്തിരമുള്ള പദ്ധതികൾ MLA LAD ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്. മറ്റു ചില പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് ഫണ്ട് നൽകുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ തെരുവ് വിളക്കുകൾ എൽ. ഇ. ഡി ആക്കി മാറ്റുന്നതിനുദ്ദേശിക്കുന്ന പദ്ധതിക്ക് വേണ്ടി വരുന്ന മുതൽമുടക്ക് കണ്ടെത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |

[signature]

**സെക്ഷൻ ഓഫീസർ**